പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *123 — 21.3.2012-ൽ മറുപടിയ്ക്ക്

## പഴം, പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ഡോ. എൻ. ജയരാജ്:<br>ശ്രീ. തോമസ് ഉണ്ണിയാടൻ:<br>ശ്രീ. റോഷി അഗസ്റ്റിൻ: | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പഴം, പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ പഴം പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പ് മുഖേന സമഗ്ര പച്ചക്കറി വികസന പദ്ധതിയും ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായ പച്ചക്കറി കൃഷി വികസന പദ്ധതിയും നടപ്പിലാക്കി വരുന്നു. ഇതിനു പുറമെ തരിശു ഭൂമികളിൽ പച്ചക്കറി കൃഷി നടത്തുന്നതിനുള്ള ഒരു പദ്ധതിയും എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്ത് ആകെ 25 ലക്ഷം പച്ചക്കറി കിറ്റുകൾ വിതരണം നടത്തുകയുണ്ടായി.<br>തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കൃഷി ഭവനുകൾ മുഖേന പഞ്ചായത്തുകളിലും വിവിധ പച്ചക്കറി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>ദേശീയ ഹോർട്ടികൾച്ചർ മിഷൻ |

പദ്ധതി പ്രകാരം മാവ്, വാഴ, കൈതച്ചക്ക എന്നിവയുടെ പുതിയ തോട്ടങ്ങൾ സ്ഥാപിച്ച് വിളവിസ്തൃതി വർദ്ധിപ്പിക്കുന്നതിന് ധനസഹായം, ഇടുക്കി ജില്ലയിൽ 6.063. കോടി രൂപയുടെ 'ശീതമേഖല ഫല വൃക്ഷങ്ങളുടെ വ്യാപനം' എന്ന പദ്ധതി, 11.6 കോടി രൂപ സാമ്പത്തിക സഹായത്തോടെ ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിൽ ശീതകാല പച്ചക്കറി കൃഷി വ്യാപിപ്പിക്കു ന്നതിനുള്ള പദ്ധതി, തിരുവനന്തപുരം ജില്ലയിൽ പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് 12 കോടി രൂപയുടെ 'വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ പെരി അർബൻ ക്ലസ്റ്റേഴ്സ്' എന്ന പദ്ധതി എന്നിവ ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നു.

**പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിത്തുമുതൽ വിപണനം വരെയുള്ള കാർഷിക വൃത്തിയുടെ എല്ലാ ഘട്ടങ്ങളിലും, എല്ലാ ജില്ലകളിലും ഉള്ള കർഷകർക്ക് സഹായം എത്തിക്കുന്ന രീതിയിൽ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി** വരുന്നു.

(ബി) പഴം, പച്ചക്കറി, കാർഷികോല്പന്നങ്ങൾ എന്നിവ വിറ്റഴിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ; എങ്കിൽ ഏവ; ഇല്ലെങ്കിൽ ആയവ വിറ്റഴിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ;

(ബി) ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി പച്ചക്കറി വിപണന ത്തിനായി ബ്ലോക്ക്തലത്തിൽ കേന്ദ്രങ്ങൾ തുടങ്ങുന്നതിനും റസിഡൻസ് അസോസിയേഷനുകൾ മുഖേന വിപണന കേന്ദ്രം ആരംഭിക്കുന്നതിനും ഉത്സവ വിപണികൾ നടത്തുന്നതിനും ധനസഹായം നൽകി വരുന്നു.

ഇതിനു പുറമെ പഞ്ചായത്ത് തലത്തിൽ വി..എഫ്.പി.സി.കെ യുടെയും ഹോർട്ടികോർപ്പ്സിന്റെയും വിപണന കേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു.

പഴം, പച്ചക്കറി, കാർഷികോല്പന്നങ്ങൾ എന്നിവ വിറ്റഴിക്കുന്നതിന് നിലവിൽ തിരുവനന്തപുരം , കൊല്ലം, പത്തനംതിട്ട, കോട്ടയം, ജില്ലകളിലെ ഏതാനും പഞ്ചായത്തുകളിൽ ഹോർട്ടികോർപ്പിന്റെ ചില്ലറ വിൽപ്പന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(സി) കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി കർഷകർക്ക് കൂടുതൽ സബ്സിഡി തുടങ്ങിയ ആനുകൂല്യം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(സി) കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ലഭ്യമായ സ്ഥലത്തിനു പുറമെ തരിശു ഭൂമിയിൽ വാഴ, നെൽകൃഷി പച്ചക്കറി, കിഴങ്ങു വർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്യുന്നതിനായി ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. തരിശു ഭൂമിയിൽ കൃഷി ചെയ്യുന്നതിനായി വാഴകൃഷിക്ക് ഹെക്ടറിന് 40,000/- രൂപയും പച്ചക്കറിക്കും കിഴങ്ങു വർഗ്ഗവിളകൾക്കും ഹെക്ടറിന് 30,000/- രൂപ വീതവുമാണ് ധനസഹായം നൽകുന്നത്. **കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി,** വി.എഫ്.പി.സി.കെ **താഴെപ്പറയുന്ന പദ്ധതികളുടെ ഫീൽഡ് തല നടത്തിപ്പിനായി , കർഷകർക്ക്, സബ്സിഡി നല്കി വരുന്നു.**

1. **പച്ചക്കറികൃഷി വ്യാപനം - 105 ലക്ഷം - ഹെക്ടർ ഒന്നിന് 5000 രൂപ നിരക്കിൽ 2100 ഹെക്ടറിൽ**
2. **പച്ചക്കറിക്ക് സ്ഥിരമായ പന്തൽ - 32.5 ലക്ഷം - 50 ഏക്കറിൽ, ഏക്കറൊന്നിന് 65000 രൂപ എന്ന നിരക്കിൽ**

3. ഫെർട്ടിഗേഷൻ & ഡ്രിപ്പ് ഇറിഗേഷൻ - 37.5 ലക്ഷം - ഏക്കറൊന്നിന് 25000 രൂപ നിരക്കിൽ 150 ഏക്കറിൽ
4. നഗരപ്രാന്തങ്ങളിലെ പച്ചക്കറികൃഷി വികസനം - 92 ലക്ഷം രൂപ
5. ഇടുക്കി പാക്കേജ്, വട്ടവട, കാന്തല്ലൂർ - ശീതകാല പച്ചക്കറികളുടെ കൃഷി വ്യാപനത്തിനായി ഹെക്ടറൊന്നിന് 22500 രൂപ എന്ന നിരക്കിൽ നല്കുവാൻ പദ്ധതിയുണ്ട്.

Sudhams

സെക്ഷൻ ഓഫീസർ